I have to say something on the bill. I wish to state that adequate provision should be made in the Act itself for the protection of the hill tribes. There is such a provision in the Act which is in force in Travancore. The hill tribes have an important place in the economy of the forests. The hill tribes render considerable help to the department in the matter of conservation of forests. Now, apart from considerations of utility and humanitarianism, the obligations laid upon us by the new Indian Constitution compel us to make some provision for the safety and well-being of the hill tribes. The first protection that you can give is by making the rules stringent regarding the exclusion of the lowland people from the forests. The people from the lowlands take cheap luxury goods to them,—tobacco and drinks, and spoil their morals. That is only one of the many instances. Therefore my suggestion is that provision should be made in the Act itself to guarantee the freedom and well-being of the hill tribes whose care is left at present in the hands of the Forest Department. I have had occasion to come into contact with these hill tribes when once a year I go to Sabarimala, which I do even though I am a Congressman. (Laughter). Then I have found that these hill tribes are in a very sorry plight. Their economic condition, and even their physical condition is steadily deteriorating. Government do not seem to pay them the same attention which they used to do formerly. In the old order of things, when the high officers in the Forest Department used to go to the forests for inspection they did not do it in the hurried fashion as it is being done now. They used to go and stay in the locality and come into contact with the people and understand their fears and handicaps and sorrows. But nowadays owing to the change of our ways of living—I am not casting any reflection on the official class—it is all changed. The hill tribes are not properly taken care of, and their grievances are not heeded. That is why I suggest that provision for their protection should be made in the Act itself.

LIBRARY ARCHIVES Kerala Legislative Assembly

I forgot to mention another aspect of the question. The suggestion made by Mr. Nataraja Pillai that it must be made almost impossible for the Government to convert this reserve forests into non-reserved is a good thing for any Government that would enable the Government to resist any political pressure, any combined pressure of political parties.

In their own interest I think any Government would be glad to accept that suggestion.

Then, one other aspect I wish to emphasise in this House is that provision should be made to include what they call the Revenue Land technically in the Reserve Forest area in the land. Now, thousands of acres of woodland are destroyed in the name of Revenue Land. When you turn to the Forests Minister he would in turn, turn against you and tell that those areas are not included in the Forest Reserves. But Sir, the monsoons do not make any distinction between Revenue land areas in the Forests and Reserve area. If at all these monsoons are in any manner affected it is obviously due to the destruction of tree growths in the forests. Therefore, as a first step it would be good, of course in consultation with Forest authorities, to declare that there is nothing like a non-reserve forest.

ശ്രീ. ഇ. പി. പൗലോസ്: ഈ ബില്ലിലെ എട്ടാം അദ്ധ്യായത്തിലെ ചില കാര്യങ്ങൾ ഈ സഭയുടെ മുൻപേ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഉദ്ദേശകാരണവിവരത്തിൽതന്നെ കാര്യമായ ഭേദഗതികൾ ഒന്നും ഇതിൽ ചെയ്യാൻ ഉദ്ദേശിക്കുന്നില്ലെന്നു് പറഞ്ഞിട്ടുണ്ടു്. രണ്ടു സംസ്ഥാനങ്ങളിലും ഉള്ള നിയമങ്ങൾ സംയോജിപ്പിക്കുകമാത്രമാണു് ഇതിന്റെ ഉദ്ദേശമെന്നും പറഞ്ഞിരിക്കുന്നു. എങ്ങനെ ആയാലും ഈ ബില്ലു്, നിയമങ്ങൾ സംയോജിപ്പിക്കുന്ന ഈ അവസരത്തിലും ഇത്ര നിരുപദ്രവകരമാക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല എന്നാണു് എന്റെ അഭിപ്രായം. എട്ടാം അദ്ധ്യായത്തിൽ രാജകീയവൃക്ഷങ്ങളെ സംബന്ധിച്ചുള്ള നിയന്ത്രണം ഏതാനും നാൾകൂടി തിരുവിതാംകൂറിൽമാത്രം തുടരേണ്ടതുണ്ടെന്നു് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഫൻസന്ത, ഫൻർഫ ഈ ആണ്ടുകളിലെ വിളംബരങ്ങൾമൂലമാണു് തിരുവിതാംകൂറിൽ മിക്ക ഭാഗങ്ങളിലും രാജകീയവൃക്ഷങ്ങൾ സംബന്ധിച്ചുള്ള നിയന്ത്രണങ്ങളിൽ വ്യത്യാസം ഉണ്ടാക്കീട്ടുള്ളതു്. അതിനശേഷം കൂടിവില സംബന്ധിച്ചുള്ള കേസുകൾക്കു് ഇനിയും തീരുമാനം ആയിട്ടില്ലാത്തതുകൊണ്ടു് രാജകീയവൃക്ഷങ്ങളെ സംബന്ധിച്ചുള്ള നിയന്ത്രണം കുറെകാലത്തേക്കുകൂടി തിരുവിതാംകൂറിൽ ഏതാനംഭാഗത്തു് തുടർന്നുകൊണ്ടുപോകുവാൻ വ്യവസ്ഥചെയ്തിരിക്കുന്നു. ഈ കേസുകൾ തീരാതിരിക്കുന്നു എന്നുള്ള കാരണംകൊണ്ടുമാത്രം തിരുവിതാംകൂറിന്റെ ഏതാനം ഭാഗങ്ങളിൽ ഉള്ള വൃക്ഷങ്ങളെ സംബന്ധിച്ചു് ഇങ്ങനെയൊരു വ്യവസ്ഥ ചെയ്യുന്നതു ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ കേസ്സുകൾ തീരുന്നതുവരെ ഇങ്ങനെയുള്ള അവകാശങ്ങൾക്കു ബാധകം ആകാത്തവിധത്തിൽ ചില വ്യവസ്ഥകൾ ചെയ്തുകൊണ്ടു് രാജകീയവൃക്ഷങ്ങളിലുള്ള പൂർണ്ണമായ അവകാശം സാലമുടമസ്ഥനു ലഭിക്കത്തക്കവണ്ണം ഉള്ള വ്യവസ്ഥ ഏർപ്പെടുത്തുന്നതിനും തടസ്ഥമുണ്ടെന്നു് ഞാൻ വിചാരിക്കുന്നില്ല.

സെലക്ട് കമ്മിറ്റി ഈ എട്ടാമദ്ധ്യായത്തെ, അദ്ധ്യായത്തിൽ വിവരിക്കുന്ന നിയന്ത്രണങ്ങൾ നീക്കി സ്ഥലമുടമസ്ഥന്മാർക്കു് രാജകീയ വൃക്ഷങ്ങളിൽ പൂർണ്ണ അവകാശം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കണമെന്നാണു് എന്റെ അഭിപ്രായം. ഏതെങ്കിലും കാരണവശാൽ അങ്ങനെ നിയമം ഉണ്ടാക്കാൻ സാധിക്കാതെ വന്നാൽതന്നെയും രണ്ടോ മൂന്നോ, നാലോ കൊല്ലത്തേക്കു ഈ എട്ടാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ അതേപടി നിലവിലിരിക്കുന്നതിനും അതിനു

LIBRARY ARCHIVES Kerala Legislative Assembly

[Sri E. P. Poulose]

ശേഷം ഈ വൃക്ഷങ്ങളെ സംബന്ധിച്ചുള്ള അവകാശങ്ങൾ സ്ഥലമുടമസ്ഥന്മാർക്ക് ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്യേണ്ടതാണ്. ഏതായാലും ദേശീയ വൃക്ഷവാരം ആഘോഷിച്ചു വൃക്ഷങ്ങൾ കൂടുതലായി വച്ചു പിടിപ്പിക്കണമെന്നു് ഉദ്ദേശിച്ചുകൊണ്ടിരിക്കുമ്പോൾ വിലപ്പിടിപ്പുള്ള ഈ വൃക്ഷങ്ങളുടെ മേലെല്ലാം ഇങ്ങനെ നിയന്ത്രണം വച്ചുകൊണ്ടിരിക്കുന്നതു ശരിയല്ല. ഏതാനും കാലം കഴിഞ്ഞു ഈ നിയമം ഭേദഗതി ചെയ്യാമെന്നു് ഒരു പക്ഷെ വിചാരിച്ചേക്കാം. അങ്ങനെയാണെങ്കിൽ ഇന്നു ഇവിടെ രാജകീയവൃക്ഷങ്ങൾ വളർന്നിട്ടുണ്ടെങ്കിൽ അവയെ സംബന്ധിച്ചും ഇതുപോലെ കടിവില കേസ്സുകൾവരികയും പിന്നേയും കാലതാമസം ഉണ്ടാകുകയും ചെയ്യും. അങ്ങനെ വരാതിരിക്കുന്നതിനു് ചില വ്യവസ്ഥകൾ ചെയ്തുകൊണ്ടു ഈ വൃക്ഷങ്ങളുടെ മേലുള്ള അവകാശം ഉടമസ്ഥന്മാർക്കു തന്നെ കൊടുക്കേണ്ടതാണെന്നുള്ള എന്റെ അഭിപ്രായം ഗവണ്മെണ്ടിനെ അറിയിച്ചുകൊള്ളുന്നു.

ഇനി Gaming rules നെ സംബന്ധിച്ചുള്ള വ്യവസ്ഥയെപ്പറ്റി കുടി പറയേണ്ടതുണ്ടു്. വനം കൃഷിക്കായും മറ്റും വളരെ അധികം ആളുകൾ വനത്തിൽ പ്രവേശിച്ചിട്ടുള്ള ഈ സമയത്തു കാട്ടുമൃഗങ്ങളെപ്പറ്റി യാതൊരു ശ്രദ്ധയുംകൂടാതെ വെടിവച്ചു നശിപ്പിക്കുന്നു എന്നുള്ള കാര്യം ഗവണ്മെണ്ടു് ശ്രദ്ധിക്കുന്നുണ്ടോ എന്നു സംശയിക്കുന്നു. മറ്റു സ്ഥലങ്ങളിൽ വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിനും മറ്റും ഉള്ള നിയമങ്ങൾ കർശനമാക്കുമ്പോൾ ഇവിടെ അതിനു് ഒരു വ്യവസ്ഥയും ഇല്ലാതാണു് ഇരിക്കുന്നതു്. അക്കാര്യത്തിൽ ഗവണ്മെണ്ടു് കൂടുതൽ ശ്രദ്ധിക്കേണ്ടതാണു്. വനംകൃഷിയെ സംബന്ധിച്ചു എന്റെ മാന്യസ്നേഹിതൻ മി. പി. എം. വർഗ്ഗീസ്സു് പറഞ്ഞതു സ്വീകാര്യമാണു്. കഴിഞ്ഞ രണ്ടുമൂന്നുനാലു കൊല്ലങ്ങളായി തിരുവിതാംകൂറിലെ വനങ്ങളിൽ ഒരു വലിയ ഭാഗം കൃഷിക്കു കൊടുത്തിട്ടുണ്ടെന്നുള്ളതു് പരമാർത്ഥമാണു്. അവിടെ കൃഷിക്കു സ്ഥലം പതിച്ചു കൊടുത്തിരിക്കുന്നതു് ഒരു കൊല്ലത്തെ കാലാവധി വച്ചാണു്. ഒരു കൊല്ലംമാത്രം അവിടെ താമസിച്ചു കൃഷി ചെയ്യുന്നതുകൊണ്ടു് വലിയ പ്രയോജനമൊന്നും ഇല്ലെന്നുകണ്ടു്, സ്ഥലം വിട്ടുപോയിട്ടുള്ള പലരും ഉണ്ടു്. വനം സംരക്ഷിക്കുന്നതിനു് യാതൊരു വിധത്തിലും ബാധകമാകാത്തവിധത്തിലും അതേ സമയംതന്നെ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കത്തക്ക നിലയിലും, പ്രവർത്തനങ്ങൾ നടത്തുന്നതിനു് മുമ്പതലപ്പെട്ട അധികാരികൾ വേണ്ടവണ്ണം ശ്രദ്ധിക്കാത്തതുകൊണ്ടാണു് ഈ വൈഷമ്യങ്ങൾ ഉണ്ടാകുന്നതു്. മറ്റു വൃക്ഷങ്ങൾ അതായതു് ആദായകരമായ വലിയ വൃക്ഷങ്ങൾ ഒന്നും ഉണ്ടാകാത്തതും എന്നാൽ സ്ഥിരമായി നിലങ്ങളായി രൂപാന്തരപ്പെട്ടുത്താവുന്നതുമായ അനേകം ഏക്കർ സ്ഥലങ്ങൾ നമ്മുടെ വനങ്ങളിലുണ്ടു്. ഈ സ്ഥലങ്ങൾ കൃഷി ചെയ്യുന്നതുകൊണ്ടു യാതൊരു ദോഷവും, വനവൃക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്നതല്ല. ആ സ്ഥലങ്ങൾ പരിമിതമായ കുറെ കാലത്തേക്കെങ്കിലും സ്ഥിരമായി വച്ചുകൊണ്ടിരിക്കുവാനുള്ള അവകാശം സ്ഥലം കൃഷിക്കായി പതിച്ചു കൊടുക്കുന്നവർക്കു കൊടുക്കണം. ഇതു് ഭക്ഷ്യവർദ്ധനവിനുള്ള എജൻസികൾ ചെയ്യണമെന്നാണു് എന്റെ അഭിപ്രായം. ഈ കാര്യത്തിൽ ജനപ്രതിനിധികളുടേയും ഗവണ്മെണ്ടിന്റെയും ശ്രദ്ധ പതിഞ്ഞിട്ടില്ലെന്നുള്ളതാണു് ഈ ഭക്ഷ്യവർദ്ധന പദ്ധതിയിൽ ഇത്ര പരാജയത്തിനുള്ള കാരണം. വനത്തിൽ കുറെ സ്ഥലം കൃഷിചെയ്യുന്നതിനു് കൊടുക്കണമെന്നു് ഗവണ്മെണ്ടു് പറയും. എവിടെയെങ്കിലും കുറെ സ്ഥലം ഫോറസ്റ്റുകാർ കൊടുക്കും. ആ സ്ഥലങ്ങൾ കൃഷിക്കു് യാതൊരു വിധത്തിലും ഉപയോഗയോഗ്യമായ രീതിയിലല്ലയില്ല. നില മുഴുവൻ കിളച്ചു് മണ്ണൊലിപ്പിച്ചു നശിപ്പിക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഞാൻ പറയുന്നതു് വനാന്തർഭാഗത്തുനിന്നും, നിലങ്ങളായി കൺവെർട്ട് ചെയ്യാൻ പാറിയ സ്ഥലങ്ങൾ കണ്ടുപിടിച്ചു അതു് മുന്നോ നാലോ കൊല്ലത്തേക്കു് പതിച്ചു കൊടുക്കുവാൻ ഏർപ്പാടു ചെയ്യണമെന്നാണു്. അല്ലാതെ ഇൻഡ്യയിൽ ൨ ൦ ശതമാനം ഫാറസ്റ്റുണ്ടു്, അതുകൊണ്ടു് പത്തു ശതമാനംകൂടി വെട്ടിനശിപ്പിച്ചു നമുക്കും ൨ ൦ ശതമാനമാക്കിയാൽ മതി എന്നു പറഞ്ഞു്, ഇങ്ങനെ യാതൊരു കരുതലും കൂടാതെ സ്ഥലം കൊടുത്തതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. കൃഷിയിൽ നല്ല പരിചയം ഉള്ള ആളുകൾ ഈ കായ്ങ്ങളെക്കുറിച്ചു ഗവൺമെണ്ടിലേക്കു് എഴുതി അയച്ചിട്ടുള്ളതു് ഗവൺമെണ്ടു് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ഇതു് സംബന്ധിച്ചു ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഈ കായ്ങ്ങളിൽ ഗവൺമെണ്ടു് കുറേകൂടി ബുദ്ധിപൂർവ്വം പ്രവർത്തിക്കുകയും വേണമെങ്കിൽ ഇതിനായി ഒരു സ്റ്റാട്ടൂട്ടറി പ്രൊവിഷൻ കൂടി ഉണ്ടാക്കുകയും ചെയ്യണ്ടതാണു്. സെലക്ടുകമ്മിറ്റി ഈ കായ്ങ്ങളിൽ ശ്രദ്ധിക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, നിയമങ്ങൾ സംയോജിപ്പിക്കുന്ന സന്ദർഭത്തിൽ ഈ നിയമങ്ങൾ പരിഷ്കരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഉള്ള അവസരം കൂടി ഉപയോഗിക്കുന്നതു് നന്നായിരിക്കുമെന്നാണു് എന്റെ വിനീതമായ അഭിപ്രായം. വനങ്ങൾ അതായതു് വനവിഭവങ്ങൾ നമ്മുടെ രാജ്യത്തിന്റെ ഐശ്വര്യത്തിനു നിദാനങ്ങളാണു്. നമ്മുടെ വനംവകുപ്പിനെ സംബന്ധിച്ചിടത്തോളം അറിഞ്ഞുകൂടാത്തവരാരുംതന്നെ ഇവിടെ ഉണ്ടായിരിക്കയില്ല. ഏലം, കുന്തിരിക്കം മുതലായ പലവിധത്തിലുള്ള വിലയേറിയ വിഭവങ്ങളും വിലപിടിച്ച തടികളും വനങ്ങളിലുണ്ടെന്നു നമുക്കേവർക്കും അറിയാം. സർക്കാരിൽനിന്നും വനങ്ങൾ കൃഷിക്കുവേണ്ടി തുണ്ടുതുണ്ടായി നൽകുന്നതിനുമുമ്പു തന്നെ നമ്മുടെ വനങ്ങളിൽനിന്നും വളരെ അധികം വിലപിടിപ്പുള്ള വൃക്ഷങ്ങൾ മോഷ്ടിക്കപ്പെടാറുണ്ടായിരുന്നു എന്നുള്ളതിനെ സംബന്ധിച്ചു പല ആരോപണങ്ങളും ഈ ഹൗസിൽ ഉണ്ടായിട്ടുള്ളതിനെ അനുസ്മരിപ്പിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. വനങ്ങളിലെ വിലപിടിപ്പുള്ള തടികൾ മോഷ്ടിക്കുന്നതു തൊഴിലാളികളും മുതലാളികളുമാണെന്നാണു് ഞാൻ പറയുന്നതു്. തൊഴിലാളികളെ മുതലാളിമാരും മുതലാളിമാരെ തൊഴിലാളികളും പരസ്പരം വിശ്വസിച്ചുകൊണ്ടാണു് ഈ വിധം മോഷണം നടത്തുന്നതു്. വനങ്ങളിൽനിന്നു തടികൾ മോഷ്ടിക്കപ്പെടുവാൻ തൊഴിലാളികളും മുതലാളിമാരും പരസ്പരംവിശ്വസിച്ചുകൊണ്ടു് പല അവസരങ്ങളും ഉപയോഗിച്ചിട്ടുണ്ടെന്നു് പഴയകാലങ്ങൾ സൂക്ഷിച്ചാൽ അറിയാൻ പ്രയാസമില്ല. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. പട്ടം താണുപിള്ള അവർകൾ ഈ സംഗതി പല അവസരങ്ങളിലും ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു ഗവൺമെണ്ടിന്റെ പ്രത്യേക ശ്രദ്ധയെ ക്ഷണിക്കുകയുണ്ടായിട്ടുണ്ടു്. ഞാൻ പറയുന്നതു് വനവിഭവങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന തടികളുടെ സംരക്ഷണകാര്യത്തിൽ ഗവൺമെണ്ടിൽനിന്നും നിയമം മൂലം പ്രത്യേകം സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണു്.

ശ്രീമാൻ ബാലകൃഷ്ണൻതമ്പി അവർകളുടെ പ്രസംഗമദ്ധ്യേ പ്രസ്താവിച്ച രണ്ടു സംഗതികളോടു ഞാനും പൂർണ്ണമായി യോജിക്കുന്നു. എന്നാലതു്, വനവിഭവങ്ങളും വനങ്ങൾ വെട്ടിത്തെളിച്ചു കൃഷിചെയ്യുന്ന കൃഷിസ്ഥലങ്ങളും അന്യോന്യം ബന്ധമാക്കുന്ന മറ്റു സംഗതികളൊന്നും അന്വേഷിച്ചു റിപ്പോർട്ട് ചെയ്യുന്നതിനും, മലവാസികളായ പട്ടികജാതിക്കാരുടെ അവശതകളെയും അവർക്കു ഡിപ്പാർട്ടുമെന്റിലെ കിഴ്സിൽബന്ധികളിൽ നിന്നുണ്ടായിക്കൊണ്ടിരിക്കുന്ന പലവിധ-ബു

LIBRARY ARCHIVES Kerala Legislative Assembly

[Sri T. T. Kesavan Sastri]

ഭൂമിയുടെയും അനേക്ഷിച്ചു റിപ്പോർട്ട് ചെയ്യുന്നതിനുമായി ഒരു കമ്മിറ്റിയെ നിയമിക്കണമെന്നുള്ളതാണ്. സർ, അങ്ങിനെ ഒരു കമ്മിറ്റിയെ നിയമിച്ച് ആ കമ്മിറ്റി മുഖാന്തിരം അന്വേഷിപ്പിച്ച് വസ്തുതകളെല്ലാം ശരിയായി കണ്ടുപിടിക്കുകയും അതിനു വേണ്ട നടപടി നടത്തുവാൻ ഗവണ്മെണ്ടു് തയ്യാറാകുകയും ചെയ്താൽ അക്കാര്യത്തിൽ നിശ്ചയമായും ഗവണ്മെണ്ടിനു നല്ല പേരുതന്നെ ഉണ്ടാകുമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഈ സന്ദർഭത്തിൽ വനങ്ങളിൽ കൃഷിക്കുവേണ്ടി നൽകപ്പെട്ടിട്ടുള്ള ഭൂവിഭാഗങ്ങളെക്കുറിച്ചുകൂടി ഇവിടെ അനുസ്മരിപ്പിക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ ഗവണ്മെണ്ടുകളുടെ കാലങ്ങളിൽ വനങ്ങളും വിട്ടുതരണമെന്നും കൃഷിക്കായി നൽകപ്പെടണമെന്നുമെല്ലാം ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രസംഗങ്ങളും പ്രമേയങ്ങളുംകൊണ്ടു് നിയമസഭയെ മുഖരിതങ്ങളാക്കിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഗവണ്മെണ്ടു് അക്കാര്യത്തിൽ ശ്രദ്ധിച്ചിട്ടില്ലെന്നുള്ളതിനു ഞാൻ ഒരു സാക്ഷിയാണ്. വാസ്തവത്തിൽ ദാരിദ്ര്യത്തിന്റെയും അവശതയുടേയും പേരിൽ സങ്കടത്തിൽ ആണ്ടിരിക്കുന്നവരെ കർഷകവൃത്തിയിൽ പങ്കുകൊള്ളിക്കുവാൻ ഇടയാക്കിയതു് ജനായത്തസിദ്ധാന്ത ഗവണ്മെണ്ടാണ്. ആ സ്ഥിതിക്കു് ആ ഗവണ്മെണ്ടിനെ അഭിനന്ദിക്കാതിരിക്കുന്നതു് എങ്ങിനെയാണ്? അങ്ങനെ വനം കൃഷിക്കു നൽകി അനവധി ആളുകളെ സഹായിക്കുന്നുണ്ടെങ്കിലും ആ വക സ്ഥലങ്ങളുടെയും അവിടത്തെ കൃഷിനടത്തിപ്പിനുള്ള മാർഗ്ഗങ്ങളേയുംപ്പറ്റി ഇന്നത്തെ ഗവണ്മെണ്ടും ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രിയും വേണ്ടവണ്ണം ശ്രദ്ധിക്കുന്നുണ്ടോ എന്നു ആശങ്കിക്കാതിരിക്കുവാൻ നിവൃത്തിയില്ല. വനം വെട്ടിത്തെളിക്കുവാൻ ആഗ്രഹിക്കുന്ന അവസരത്തിൽ അതിൽ അധിവസിക്കുന്ന വന്യമൃഗങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്നു ഒരു മെമ്പർ പറയുകയുണ്ടായി. നമ്മുടെ ഗവണ്മെണ്ടിൽ അതിനു ഒരു ഡിപ്പാർട്ട്മെൻറ് എർപ്പെടുത്തി അതിൽ ഒരു യൂറോപ്യനെ വന്യമൃഗസംരക്ഷകനായി വയ്ക്കുകയും ചെയ്തിരുന്നു. വന്യമൃഗസംരക്ഷണ ഡിപ്പാർട്ട്മെണ്ടു് എന്നാണ് ആ ഡിപ്പാർട്ട്മെണ്ടിന്റെ പേർ. അദ്ദേഹം ഇപ്പോഴും ഉണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. അദ്ദേഹമില്ലെങ്കിൽ അദ്ദേഹത്തിന്റെ കീഴ്സിൽബന്ധികൾ ഉണ്ടായിരിക്കും. ഇങ്ങനെയുള്ള ഏർപ്പാടുകളോടുകൂടി വനങ്ങൾ ഒഴിവാക്കി കൃഷി ചെയ്യിക്കുവാനുള്ള സംഗതിയിൽ ഗവണ്മെണ്ടു് ശ്രദ്ധിക്കുന്നുണ്ടെന്നുള്ളതു് അഭിനന്ദനാർഹമായ ഒരു കാര്യമാണ്. അങ്ങിനെ കൊടുത്തിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ചു അധികാരാവകാശങ്ങളെ മുൻനിറുത്തി ചിലർ മുന്നിട്ടവന്നു ഗവണ്മെണ്ടിനെ കക്ഷിയാക്കി കേസ്സു കൊടുക്കാറുള്ള ഒരു പതിവും ഇന്നു നിലവിലുണ്ടു്. മുണ്ടക്കയം കാളവനത്തെ സംബന്ധിച്ചു് ഒരു കേസ്സു നിലവിലുണ്ടോ, അതു് എങ്ങിനെയിരിക്കുന്നുവെന്നു ചോദിച്ചാൽ, അതു് കേസ്സിന്മേൽ ഇരിക്കുന്നു; അതു കഴിഞ്ഞിട്ടു അതിനേപ്പറ്റി ആലോചിക്കാം എന്നു മറുപടി പറയും. അതുപോലെതന്നെ കണ്ണൻദേവൻ മലയെ സംബന്ധിച്ചിടത്തോളം കണ്ണനും ദേവനും വാശിയോടുകൂടി വാദിക്കുവാനുള്ള അവകാശമുണ്ടു്. അതു ചരിത്രപരമായ ഒരു വശമാണ്. കണ്ണനെന്ന പുലയന്റേയും ദേവനെന്ന പുലയന്റേയും വംശപരമ്പരകളിൽനിന്നു യൂറോപ്യന്മാർ കൈവശപ്പെടുത്തി കാലനിണ്ണയം ചെയ്തിട്ടുള്ളതുകൊണ്ടാണ് അതിനു കണ്ണൻദേവൻ മലയെന്നു പേരുണ്ടായെന്നു അവകാശവാദം കൊണ്ടുവരികയല്ലേ എന്നു വിനീതമായി ഞാൻ ചോദിക്കുന്നു. അങ്ങിനെയുള്ള അവകാശവാദങ്ങളൊന്നും ജനായത്തസിദ്ധാന്ത ഗവണ്മെണ്ടു് അനുവദിച്ചുകൊടുക്കുവാൻ തയ്യാറാകുന്നതേയെന്നപേക്ഷിക്കുവാൻ ഞാൻ ഈ സന്ദർഭം വിനിയോഗിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വേറെ ഒരു സംഗതി ഈ സഭയുടേയും ഗവണ്മെന്റിന്റേയും ദൃഷ്ടിയിൽകൊണ്ടു വരുവാൻ ഞാനാഗ്രഹിക്കുന്നു. വനം കൃഷിക്കുവേണ്ടി കഴിവാക്കി എടുത്തപ്പോൾ കഴിഞ്ഞ ഗവണ്മെന്റു് പത്തനംതിട്ട താലൂക്കിൽ റാന്നിവില്ലേജിലുള്ള ഒരു വലിയ വനഭൂഭാഗം ഒരാൾക്കു കൃഷിക്കു കൊടുത്തതിനെ അയാൾ കൈശപ്പെടുത്തിക്കൊണ്ടു് അതു അയാളുടെ പേരിൽ പതിച്ചുകിട്ടുവാൻ ആവശ്യപ്പെട്ടു്. അതുപോലെ ഒരു ക്രസ്ത്യാനി ഫാദർ—കറിക്കണ്ടത്തിൽ അച്ചനെന്നാണു് ആ ഫാദറുടെ പേർ.—അള്ളേഹത്തിന്റെ കൈവശത്തിലുള്ള ഒരു സ്ഥലം തെളിച്ചുവന്നപ്പോൾ മണ്ണിനടിയിൽ കോട്ടകൊത്തളങ്ങളോടുകൂടിയ ഒരു ക്ഷേത്രവും ക്ഷേത്രപരിസരങ്ങളും ഉള്ളതായി കാണപ്പെടുകയാൽ ഗവണ്മെന്റു് ആ സ്ഥലം ടി ക്രസ്ത്യാനികളുടെ പക്കൽനിന്നും തിരിച്ചെടുത്തു ഒരു ഹൈന്ദവക്ഷേത്രത്തിനു നൽകി ഇന്നും അതു് ശരിയായ ഒരു ഹിന്ദുക്ഷേത്രമായിതന്നെ നടന്നുവരുന്നുണ്ടു്. ഈയിടെ കൃഷിക്കുവേണ്ടി നൽകപ്പെട്ട ഒരു സ്ഥലം പരിശോധിച്ചു മണ്ണെടുത്തു നോക്കിയപ്പോൾ അറയും പുരയുമായുള്ള വീടുകൾ കാണപ്പെട്ട എന്നു 'ഞാൻ വർത്തമാനപ്പത്രങ്ങളിൽ കാണുകയുണ്ടായി.

അതുപോലെ ദേവികുളത്തും പീരുമേട്ടിലും വണ്ടിപ്പെരിയാറിലും എല്ലാം ഭൂമിയുടെയിൽ ഇതുപോലുള്ള പലതും ഇനിയും അവശേഷിക്കുന്നില്ലയെന്നു ഞാൻ വിനീതമായി ചോദിക്കുന്നു. ഇങ്ങിനെയുള്ള പഴയകെട്ടിടങ്ങളും തറകളും മറ്റു അവശിഷ്ടങ്ങളുമെല്ലാം ഭൂമിക്കടിയിൽപ്പെട്ടുപോകാവുന്നതല്ലതു് അനുവേം വച്ചുനോക്കുമ്പോൾ കള്ളമല്ല. സർ, ഇതുപോലെയുള്ള വനഭൂഭാഗങ്ങളും ഉണ്ടായിരുന്നാൽ അതിനെ സംബന്ധിച്ചു സന്ദർഭോചിതമായ രണം വ്യവസ്ഥ ചെയ്യുവാനുള്ള അവസരം ഗവണ്മെന്റിനുണ്ടായിട്ടില്ലെന്നാണു് ഞാൻ പറയുന്നതു്. ഇങ്ങനെയുള്ള പല കാര്യങ്ങളും ഭൂവിതരണവിഷയത്തിൽ ഗവണ്മെന്റു് ദയാപൂർവ്വം പര്യാലോചിച്ചു വേണ്ടുന്ന വ്യവസ്ഥകളും ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണു്.

ഇതുയും പറയുന്നതോടുകൂടി ഒരു സംഗതി ബഹുമാനപ്പെട്ട വനംവകുപ്പു മന്ത്രിയുടേയും ഗവണ്മെന്റിന്റേയും ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. ഇന്നത്തെ സ്ഥിതിയിൽ മനുഷ്യൻ ദാരിദ്ര്യംകൊണ്ടും വേലയും കൂലിയുമില്ലാത്ത വൈഷമ്യംകൊണ്ടും സങ്കടം അനുഭവിക്കുന്നുണ്ടു്. അങ്ങിനെയുള്ളവരെ ഉദ്ധരിക്കുവാൻ ഗവണ്മെന്റു് തയ്യാറാകണമെന്നാണു് എന്റെ വിനീതമായ അപേക്ഷ.

വനം വെട്ടിത്തെളിച്ചാൽ മഴയില്ലാതാകുമെന്നു് ഇവിടെ പറയുന്നതു കേട്ടു. ഇവിടെ മഴപെയ്യേണ്ട അവസരങ്ങളിൽ മഴ പെയ്യുന്നുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഉപജീവനത്തിനു നിവൃത്തിയില്ലാത്തവരേയും കൃഷി ചെയ്യുവാൻ ഭൂമിയില്ലാത്തവരേയും പാവപ്പെട്ടവരേയും കണ്ടുപിടിച്ചു അവർക്കു സ്ഥലങ്ങളും സഹായങ്ങളും കൊടുത്തു അവരെ പ്രോത്സാഹിപ്പിക്കണം. നാലുവശവും പബ്ലിക്കു റോഡുകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന കുറ്റിവനങ്ങളും ധാരാളം ഉണ്ടു്. അതെല്ലാം പൊതുജനങ്ങൾക്കായി നൽകുന്നതിനു നിശ്ചയമായും ഈ സന്ദർഭം വിനിയോഗിക്കേണ്ടതു് ഏതുയും ആവശ്യമാണെന്നാണു് എന്റെ ദൃഢമായ അഭിപ്രായം. പത്തനംതിട്ട താലൂക്കിൽ റാന്നി, വലിയകാവു്, പൂവക്കാവു് എന്നീ ഭൂവിഭാഗങ്ങളും കുറ്റിവനങ്ങളാണു്. ഇവയെല്ലാം കൃഷിസ്ഥലങ്ങളായി മാറ്റുന്നതിനു സൗകര്യമുള്ളവയാണു്. എന്നാൽ ഈ സംഗതിയിൽ ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിച്ചാൽ മാത്രം പോരാ, ഗവണ്മെന്റിന്റെ അവഗാഢമായ ശ്രദ്ധ കൂടി ഇതിൽ പതിയേണ്ടതാവശ്യമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Sri T. T. Kesavan Sastri]

അവസാനമായി ഒരു സംഗതികൂടി പറയുവാൻ ഞാനാഗ്രഹിക്കുന്നു. വനം വകുപ്പു നിയമത്തെപ്പറ്റി പഠിച്ചാലോചിക്കുന്നതിനെ സംബന്ധിച്ചു് തൊഴിൽ വകുപ്പു മന്ത്രിക്കു് വല്ലതും അറിയാമോ എന്നാണു് ചിലർ ചോദിച്ചതു്. എന്നാൽ കായ്ങ്ങാം ശരിയായി പഠിച്ചുകൊണ്ടു് അദ്ദേഹം ചെയ്യുന്ന മറുപടി പ്രസംഗം കേൾക്കുമ്പോൾ അദ്ദേഹത്തിനു് വനംവകുപ്പിനെപ്പറ്റി അറിയാമോ അറിഞ്ഞുകൂടയോ എന്നു നിങ്ങൾതന്നെ അനുമാനിച്ചു കൊള്ളണമെന്നാണു് എനിക്കു പറയുവാനുള്ളതു്. അദ്ദേഹത്തിനു ശരിയായി അറിഞ്ഞുകൂടാത്തതുകൊണ്ടാണു വേണ്ടപോലെ കായ്ങ്ങാം നടക്കാതിരിക്കുന്നതെന്നുള്ള തെറ്റിദ്ധാരണ നീക്കുവാനാണു് ഞാൻ ഇതു് പറയുന്നതു്. അതിനാൽ ബഹുമാനപ്പെട്ട മന്ത്രിയും ഗവണ്മെണ്ടും ഈ ആക്ടിനെ ഭേദപ്പെടുത്തുന്ന സമയം വേണ്ടതു വേണ്ടവണ്ണം ഉപയോഗിച്ചു് അന്യായങ്ങളേയും അക്രമങ്ങളേയും ഇല്ലാതാക്കുവാനുള്ള നിയമപരിപാടികൂടി ഇതിൽ ഉൾക്കൊള്ളിച്ചു ഈ ബില്ലു നിയമമാക്കിക്കാണുവാൻ ആഗ്രഹിച്ചുകൊണ്ടു് ഞാൻ തൽക്കാലം വിരമിക്കുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ ബില്ലിന്റെ ആവശ്യത്തെപ്പറ്റിയും ഇതിൽ വരുത്തേണ്ട വ്യത്യാസങ്ങളെപ്പറ്റിയും ഒന്നുരണ്ടു സംഗതികൾ പറയണമെന്നു വിചാരിക്കുന്നു. തിരുവിതാംകൂറിൽ ഫോറസ്റ്റു നിയമം നടപ്പിലായിട്ടുള്ളതു് 1094-ലെ രണ്ടാം ആക്ടനുസരിച്ചാണു്. ആ ആക്ടിലുള്ള ചില വകുപ്പുകളെയാണു് ഈ ബില്ലിൽ പകർത്തിയിരിക്കുന്നതു്. പൊതുവേയുള്ള ചില ഉദ്ദേശങ്ങളെ അകറ്റുന്നതിനുവേണ്ടി അന്നത്തെ ഗവണ്മെണ്ടു നിയമമാക്കിയിട്ടുള്ളതിലൊന്നാണു് 1094-ലെ രണ്ടാം ആക്ടു്. ആ രണ്ടാം ആക്ടിൽ 19-ാം വകുപ്പിൽ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുള്ള ചില അധികാരങ്ങൾ കൊടുത്തിട്ടുണ്ടു്. ആ വ്യവസ്ഥകൾ അനുസരിച്ചാണു് ഈ നിയമം അന്നു നടപ്പിൽ വരുത്തിയിട്ടുള്ളതു്. ഇതുപോലെ വ്യവസ്ഥകൾ ഇല്ലാതെതന്നെ സർ സി. പി. യുടെ കാലത്തു പല നിയമങ്ങളും ഉണ്ടായിട്ടുണ്ടു്. അങ്ങനെ വ്യവസ്ഥകളുണ്ടാക്കാതെ നിയമം മാത്രം പാസ്സാക്കിയതുകൊണ്ടു പ്രയോജനമില്ല. എത്രയോ കൊല്ലങ്ങളായി കാണിക്കാർ, അരയന്മാർ മുതലായ ജാതിക്കാർ മലകളിൽ താമസിച്ചുവരുന്നുണ്ടു്. ഫൻപ്ര തൊട്ടുള്ള ഈ ഗിരിവർഗ്ഗക്കാരുടെ ജനസംഖ്യക്കണക്കെടുത്തുനോക്കിയാൽ ഓരോ കൊല്ലം കഴിയുംതോറും അവരുടെ ജനസംഖ്യ കുറഞ്ഞുവരുന്നതായി കാണാം. ഇവരുടെ സംരക്ഷണക്കാര്യത്തിൽ ഗവണ്മെണ്ടിന്റെ ദയാദൃഷ്ടി പതിയേണ്ടതാണെന്നും അവർക്കു കൂടുതൽ സൗജന്യങ്ങൾ കൊടുക്കുന്ന വിഷയത്തിൽ ഗവണ്മെണ്ടു കൂടുതൽ ശ്രദ്ധിക്കേണ്ടതാണെന്നും ഫൻപ്ര-ലെ സെൻസസ്സു് റിപ്പോർട്ടിൽ ഡാക്ടർ കുഞ്ഞൻപിള്ള ചൂണ്ടിക്കാണിച്ചിട്ടുള്ളതായി കാണപ്പെടുന്നുണ്ടു്. അവർക്കു പ്രത്യേകം ചില സൗജന്യങ്ങൾ ചെയ്യേണ്ടതാണെന്നു പറയുമ്പോഴെല്ലാം വേണ്ടപോലെ ചെയ്യാമെന്നാണു് ഗവണ്മെണ്ടു് മറുപടി പറയാറുള്ളതു്. ഈ വർഗ്ഗക്കാർക്കും ഏതെല്ലാം തരത്തിലുള്ള സഹായങ്ങൾ ചെയ്യുവാൻ കഴിയുമോ അതെല്ലാം ചെയ്തുകൊടുത്തു് അവരെ സംരക്ഷിക്കേണ്ടതു ഗവണ്മെണ്ടിന്റെ പ്രധാന ചുമതലയാണു്. ആ സംഗതിയെ സംബന്ധിച്ചിടത്തോളം ആവശ്യമായ വകുപ്പുകൾ ഈ നിയമത്തിൽ ചേർക്കേണ്ടതു് അത്യാവശ്യമാണു്. അതു ചെയ്യാതെ മുൻകൊല്ലങ്ങളിലെപ്പോലെ അവരുടെ സംരക്ഷണം ഇനിയും ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടിന്റെ കീഴിലാക്കിയാൽ ഒരുപക്ഷേ മേലാൽ അങ്ങനെ ഒരു വർഗ്ഗംതന്നെ ലോകത്തിൽ ഇല്ലാതെയായി എന്നുവന്നേക്കാം. അവർക്കു് യാതൊരുവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിനു് ഇന്നത്തെ നിയമം അനുവദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതിനാൽ ഈ ആക്ടിൽ ഗിരിവർഗ്ഗക്കാരെ സംരക്ഷിക്കുന്നതിനുള്ള ഏർപ്പാടുകളോടുകൂടിയ ചില ഭേദഗതികൾ വരുത്തേണ്ടതു് ഏറ്റവും അത്യാവശ്യമാണു്.

ഈ ബില്ലിലെ സെക്ഷൻ വ്യ പോലെതന്നെ മുമ്പിലത്തെ തിരുവിതാംകൂർ ഫോറസ്റ്റ് ആക്ടിലും ഒരു സെക്ഷൻ ഉണ്ടായിരുന്നു.

ഫോറസ്റ്റ് ആക്ടനുസരിച്ചുള്ള കുറ്റങ്ങൾ എല്ലാംതന്നെ ബെയിലബിളാണു്. എന്നാൽ വാറണ്ടുകൂടാതെ അറസ്റ്റുചെയ്യാനുള്ള അധികാരം ഒരു സെക്ഷനിൽ കൊടുത്തിട്ടുണ്ടു്. അതു സെക്ഷൻ വ്യ ആണു്. ഒരുപക്ഷേ, മന്ത്രി പറഞ്ഞേക്കും, മുമ്പേയുള്ള ആക്ടിലും ഈവിധത്തിലുള്ള ഒരു സെക്ഷൻ ഉണ്ടായിരുന്നു എന്നു്. മുമ്പുണ്ടായിരുന്ന തിരുവിതാംകൂറിലെ ഫോറസ്റ്റ് ആക്ടിൽ ഇതുണ്ടായിരുന്നു എന്നുള്ളതു വാസ്തവമാണു്. എന്നാൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ കാണിക്കുന്ന കൊള്ളരുതായ്മക്കു കാരണം ഇതുതന്നെയാണു്. അവർക്കു വിരോധമുള്ളവരെ പിടിച്ചുകൊണ്ടുപോയി അവരെ വേണ്ടതുപോലെ മർദ്ദിച്ചതിനുശേഷം ഒരു കേസു് എടുക്കുകയാണു് ചെയ്യുന്നതു്. ആവിധം ഒരു സൗകര്യം അവർക്കു കൊടുക്കുന്നതിനുവേണ്ടിയാണു് അങ്ങനെ വച്ചിരിക്കുന്നതു്.

ഒൻപാം സെക്ഷനെപ്പറ്റി പറയുകയാണെങ്കിൽ ഇതിനുമുമ്പുള്ള ആക്ടിൽ ആറുമാസത്തോളം ശിക്ഷയെന്നാണു് വച്ചിരുന്നതു്. ഇപ്പോൾ അതു രണ്ടു വർഷത്തോളം തടവും രണ്ടായിരം രൂപാ പൈനും ചെയ്യാമെന്നുവച്ചിരിക്കുന്നു. ഇത്രത്തോളം ഭയങ്കരമായ കുറ്റമെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. എന്നാൽ അതേയവസരത്തിൽ വകുപ്പാം സെക്ഷനിൽ ഫോറസ്റ്റ് അധികാരികൾ ഉത്തമവിശ്വാസം കൂടാതെ സാധുക്കളെ ഉപദ്രവിക്കുകയാണെങ്കിൽ അതിനു വച്ചിരിക്കുന്ന ശിക്ഷ മുമ്പുണ്ടായിരുന്ന ആക്ടിലുള്ളതുതന്നെയാണു്. ഒൻപാം സെക്ഷനിലും ഇപ്പോൾ പുതുതായി വ്യത്യാസമൊന്നും വരുത്താതെ മുമ്പുണ്ടായിരുന്ന ആറുമാസം തടവുശിക്ഷ വച്ചിരുന്നാൽ മതിയാകും. അതുകൂടാതെ വാറണ്ടുകൂടാതെ അറസ്റ്റുചെയ്യുന്നതിനുള്ള അധികാരവും എടുത്തുകളയേണ്ടതാണു്. പോലീസ് ഡിപ്പാർട്ടുമെൻറുകാക്കു കൊടുത്തിരിക്കുന്നതുപോലെ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറുകാക്കും വാറണ്ടുകൂടാതെ അറസ്റ്റുചെയ്യുന്നതിനുള്ള അധികാരം കൊടുത്താൽ ഇപ്പോൾ വലിയ അക്രമമൊന്നും കാണിക്കുന്നതിനു സൗകര്യമില്ലാത്ത അവർ കൂടുതൽ അക്രമങ്ങൾ കാണിക്കുന്നതിനു് ഇടവരുന്നതാണു്.

ഫോറസ്റ്റ് റിസർവിൽ അന്യ ആളുകൾ കടക്കുന്നതിനെപ്പറ്റിപ്പറയുന്ന വ്യവസ്ഥകൾ കൂടുതൽ കർശനമാക്കണമെന്നാണു് എൻറെ അഭിപ്രായം. വേട്ടക്കാർ എന്ന വ്യാജേന ചിലർ ഫോറസ്റ്റുകളിൽ കടക്കുന്നുണ്ടു്. എൻറെ അറിവിൽ പെട്ടിടത്തോളം ഫോറസ്റ്റിൽ നടക്കുന്ന സകല കൊള്ളരുതായ്മകൾക്കും മോഷണങ്ങൾക്കും കാരണക്കാർ ഇത്തരത്തിലുള്ള വേട്ടക്കാരാണു്. ഈവിധം സംഘം ചേർന്നു വന്നു് ഡിപ്പാർട്ടുമെൻറധികാരികളോടു ചേർന്നു് അവർക്കു പാട്ടിയും നടത്തിക്കൊടുക്കുന്നവരെ യാതൊന്നും ചെയ്യാതിരിക്കുന്നതായിട്ടാണു് കണ്ടുവരുന്നതു്. അതിനൊന്നും അനുവദിക്കാൻ പാടില്ല. അതിലേക്കു്. ഇങ്ങനെ കൂട്ടുചേരുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിലും നടപടി നടത്തണമെന്നാണു് എൻറെ അഭിപ്രായം. അതിലേക്കു് ആവശ്യമായ സെക്ഷനും ഇതിൽ ചേർക്കേണ്ടതുണ്ടു്. മറ്റു കാര്യങ്ങളെപ്പറ്റി എൻറെ സ്നേഹിതന്മാർ ഇവിടെ പറഞ്ഞുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു് അതിനെപ്പറ്റി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല.

മലവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളമുള്ള ഗവൺമെണ്ടിൻറെ നയം എന്താണെന്നു വളരെ വ്യക്തമായി തെളിയിക്കേണ്ട കാലം അതിക്രമിച്ചിരിക്കയാണു്. ആ കാര്യത്തിനു് ഒരു നിയമമുണ്ടാക്കണമെന്നു പറഞ്ഞുകഴിക്കുന്നതു വളരെ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Ponnara G. Sreedhar]

കഷ്ടമാണ്. മുമ്പൊരവസരത്തിൽ ഇവരുടെ കാര്യത്തെപ്പറ്റി പ്രധാനമന്ത്രി യോട് സംസാരിച്ചു അവസരത്തിൽ അതിനു പ്രത്യേകമായി ഒരു നിയമം ഉണ്ടാക്കാമെന്നാണ് പറഞ്ഞത്. എന്നാൽ ആവിധത്തിൽ ഒരു നിയമം ഉണ്ടാക്കുന്നയാതൊരു ലക്ഷണവും കാണുന്നില്ല. ഏറ്റവും അധികം കഷ്ടപ്പാടുകളനുഭവിക്കുന്ന ഈ ആളുകൾക്കുവേണ്ടി എന്തെല്ലാം നടപടികളാണ് ചെയ്യാൻ പോകുന്നതെന്നറിയുന്നതിനു് ഒരവസരം ഈ അസംബ്ലിയിൽ കൂടിയിരിക്കുന്ന ആളുകൾക്കും കൊടുക്കണമെന്നാണ് എന്റെ താഴ്മയായ അപേക്ഷ. അല്ലാതെ ഗുളികം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയാൽ മാത്രം പോരാ. ഈ അസംബ്ലിയിൽ കൊണ്ടുവന്നു പാസ്സാക്കേണ്ട ഒരു കാര്യമാണ് ഇതു്. ആ കാര്യംകൂടി സെലക്ട് കമ്മിറ്റി ചർച്ചചെയ്ത് ഈ സഭയ്ക്ക് അതിനെപ്പറ്റി പര്യാലോചിക്കുന്നതിനു് ഒരവസരമുണ്ടാക്കിത്തരണമെന്നാണ് എന്റെ അപേക്ഷ.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, തിരുവിതാംകൂർ-കൊച്ചി ഗവൺമെണ്ടിന്റെ ഒരു മേജർ ഡിപ്പാർട്ട്മെന്റാണ് ഫാറസ്റ്റ് ഡിപ്പാർട്ട്മെന്റ്. ഫൻർൻ ജൂലൈമാസത്തിനുമുമ്പുള്ള ഇവിടത്തെ ഈ ഡിപ്പാർട്ട്മെന്റു സംബന്ധിച്ചു ഭരണവ്യവസ്ഥകളും അല്ലെങ്കിൽ ഭരണനയങ്ങളും എന്തെല്ലാമായിരുന്നുവെന്നു് ഒരു പക്ഷേ ഇന്നു് ഈ ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിക്കു വിശദമായി അറിവില്ലായിരിക്കാം. അദ്ദേഹത്തിന്റെ അറിവിലേക്കു വേണ്ടി പ്രധാനപ്പെട്ട ചില രണ്ടു സംഗതികളും പ്രസ്താവിച്ചതിനുശേഷം ഇതിന്റെ വിശദാംശങ്ങളിലേക്കു കടക്കാമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്. ഇവിടെ സമർത്ഥന്മാരായ പല ദിവാൻജിമാരും ഭരണം നടത്തിയിട്ടുണ്ടു്. ആ കൂട്ടത്തിൽ ൨൫ വർഷത്തിനുമുമ്പു തിരുവിതാംകൂറിലെ ജനങ്ങളുടെ കൃതജ്ഞതയ്ക്കു് അവകാശപ്പെട്ടിരുന്ന മി. വാട്ട്സ് ദിവാൻജിയായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് തിരുവിതാംകൂറിന്റെ വിഭവസമ്പത്തു കഴിയുന്നത്ര വർദ്ധിപ്പിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ഒരു വിദേശക്കമ്പനിക്കാരായ ബ്രൂക്ക് ബോണ്ടു് എന്ന കമ്പനിക്കു് ഒരുലക്ഷത്തിൽ ചിലപ്പാനം ഏക്കർ സ്ഥലം പതിച്ചുകൊടുത്തു. അതിനെ തേയിലത്തോട്ടങ്ങളാക്കണമെന്നു വിചാരിച്ചു് ആ കമ്പനിക്കാരുമായി എഴുത്തുകുത്തുകളും നടത്തി.

Mr. Speaker: That matter relating to Brook Bond affair was referred to already.

Sri. A. K. Patchu Pillai: I am not referring to that aspect. അപ്പോൾ തിരുവിതാംകൂറിലെ പൊതുജനാഭിപ്രായം ആ നയത്തിനു വിപരീതമായി പ്രതിഫലിച്ചു. വലിയ ഒരു പ്രക്ഷോഭണംതന്നെ ഇവിടെ നടന്നു. ആ പ്രക്ഷോഭണത്തിന്റെ നടനായകത്വം വഹിച്ചിരുന്നതു ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളയായിരുന്നു.

Mr. Speaker: That matter being a repetition of Mr. Thanu Pillai's observations was already objected to by me.

ശ്രീ. എ. കെ. പാച്ചുപിള്ള: ആ പൊതുജനാഭിപ്രായത്തെ ആദരിച്ചു് ആ പദ്ധതി ഉപേക്ഷിച്ചു് ഇവിടത്തെ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റു് ഒരു നയം കൈക്കൊണ്ടു. ആ നയം കൈക്കൊണ്ടശേഷം പല ഡിപ്പാർട്ടുമെന്റു തലവന്മാരും പുതുതായി വരുകയും അവരെല്ലാംതന്നെ ഗവൺമെണ്ടിന്റെ ആ നയത്തെ ആദരിച്ചു് ഫാറസ്റ്റിന്റെ സംരക്ഷണം നിലനിർത്തിക്കൊണ്ടുപോരേണ്ടതരത്തിൽ പ്രവർത്തിച്ചുവരുകയും ചെയ്തു. ഇന്നു ലോകത്തുള്ള പല പരിഷ്കൃതരാജ്യങ്ങളിലേ

LIBRARY ARCHIVES Kerala Legislative Assembly

യും ഫാറസ്റ്റിനെ സംബന്ധിച്ചു നയം നോക്കുകയാണെങ്കിൽ അതു് ഏറ്റവും വിപുലമായ ദേശീയനയമായിത്തന്നെ ആദരിക്കപ്പെടുന്നുവെന്നു കാണാം. സൗത്തു് ആഫ്രിക്കായിലെ ലക്ഷത്തോളം ചതുരശ്രമൈൽ വരുന്ന ഫാറസ്റ്റ് ഭൂമികളെല്ലാംതന്നെ ഒരു ദേശീയോദ്യാനമാക്കി ക്രൂഗേഴ്സു് (Krooger's) നാഷനൽ പാർക്കു് എന്ന പേരിൽ വളരെ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഫാറസ്റ്റ് സംരക്ഷണത്തിനു് അവർ അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ ഫാറസ്റ്റിനെ സംരക്ഷിക്കുന്നതിനു സകലരാജ്യങ്ങളും കർശനമായ നിയമങ്ങൾ പരിപാലിച്ചുവരുകയാണു് പതിവു്. ഈവക സംഗതികൾ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി അവർകൾ പ്രത്യേകം ശ്രദ്ധിച്ചു് ആവശ്യമായ നിയമങ്ങൾ ഉണ്ടാക്കണമെന്നാണു് എനിക്കു് ആദ്യമായി പറയാനുള്ളതു്.

രണ്ടാമതായി ബില്ലിലെ ചില വകുപ്പുകളിലേക്കു കടക്കണമെന്നു് വിചാരിക്കുന്നു. ൪൯-ാംവകുപ്പു് രണ്ടാം ഉപവകുപ്പിലേക്കു ഞാൻ സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ആ ഉപവകുപ്പു് ഇപ്രകാരം വായിക്കാം.

"Government may prescribe, as penalties for the contravention of any rules made under this Section, imprisonment for a term which may extend to six months, or fine which may extend to five hundred rupees or both."

ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന തത്വത്തെ പ്രതിഷേധിക്കാതിരിക്കാൻ നിവൃത്തിയില്ല. കാരണം തടവുശിക്ഷവരെയുള്ള പല ശിക്ഷകളെയും നിശ്ചയിക്കുന്നതിനുള്ള അധികാരം ഗവൺമെൻറിൽ നിക്ഷേപിച്ചിരിയ്ക്കുന്നുവെന്നുള്ളതാണു് എനിക്കു ഇതിലുള്ള ആക്ഷേപം. "ലെജിസ്ലേഷൻ by ഡെലിഗേഷൻ" എന്നുള്ള തത്വം നിവൃത്തിയുള്ളിടത്തോളം ജനകീയഗവൺമെൻറെങ്കിലും ഉപേക്ഷിക്കേണ്ടതാണു്. ശിക്ഷ നിശ്ചയിക്കുന്ന വകുപ്പുകൾ ഉൾക്കൊള്ളുന്ന രൂപകം ഈ സഭയിൽ കൊണ്ടുവന്നു അതിൻെറ ഗുണദോഷത്തെപ്പറ്റി ഈ സഭയ്ക്കു ചർച്ച ചെയ്യുന്നതിനു് ഒരു അവസരം കൊടുക്കാതെ എക്സിക്യൂട്ടീവ് തന്നെ അതു ചെയ്യുന്നതു് തെറ്റായ ഒരു നയമാണു്. ജനങ്ങളുടെ സ്വാതന്ത്ര്യത്തെ സ്പർശിയ്ക്കുന്ന തടവുശിക്ഷ ഉൾക്കൊള്ളുന്ന നിയമങ്ങൾ ഒരു ഗസറ്റ് നോട്ടിഫിക്കേഷൻ മൂലമല്ല നടത്തേണ്ടതു്. ഈ സഭയിൽ കൊണ്ടുവന്നു പാസാക്കണം. അങ്ങനെയല്ലാതെ ചെയ്യുന്ന നയം തെറ്റാണു്.

അടുത്തതായി ൪൭-ാം വകുപ്പിലേക്കു് കടന്നാൽ അതിൽ ഒരു എക്സെപ്ഷൻ കൊടുത്തിട്ടുണ്ടെന്നു കാണാം. അതു് ഇപ്രകാരമാണു്.

"It is not an offence under this Section for any person to kill or wound any wild elephant in defence of himself or of any other person or in defence of property."

ഇതു് വളരെ നല്ല ഒരു കാര്യമാണു്. ഇതിനെ ഞാൻ മാനിക്കുകയും ആദരിയ്ക്കുകയും ചെയ്യുന്നുണ്ടു്. അതായതു് ഒരു മനുഷ്യനെ മറ്റൊരു മനുഷ്യൻ കൊല്ലാൻ വരുമ്പോൾ സ്വയരക്ഷാവകാശം ഉപയോഗിച്ചു് അയാളുടെ ജീവഹാനി വരുത്തുന്നതിനുവരെ അവകാശമുണ്ടു്. അതുപോലെ ഒരു മനുഷ്യനെ കാട്ടുമൃഗങ്ങൾ ഉപദ്രവിയ്ക്കുകയാണെങ്കിൽ സ്വയരക്ഷയ്ക്കുവേണ്ടി അതിനെ കൊല്ലുകയോ പരുക്കു് എല്പിക്കുകയോ ചെയ്യുന്നതു കുറ്റമല്ലെന്നാണു് പറഞ്ഞിരിക്കുന്നതു്. എന്നാൽ അതിൻെറ അടിയിൽ ഒരു പ്രൊവൈസോ ചേർത്തിട്ടുണ്ടു്. അതിങ്ങനെയാണു്.

"Provided that the right of defence of person or property in no case extends to the causing of more harm than is necessary for the purpose of defence".

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Patchu Pillai]

ഇതനുസരിച്ച് പ്രവർത്തിയ്ക്കുക സാദ്ധ്യമല്ല. ഒരു കാട്ടുമൃഗം വനമദ്ധ്യത്തിൽ വച്ചോ വനത്തിനു സമീപമുള്ള വഴിയിൽ വച്ചോ ഒരാളിനെ ഉപദ്രവിയ്ക്കുവാൻ വരുന്ന സന്ദർഭത്തിൽ ഈ നിയമം നിർദ്ദേശിയ്ക്കുന്ന സംഗതികൾ മനസ്സിൽ വച്ചുകൊണ്ടു എത്രത്തോളം അതിനെ ഉപദ്രവിച്ചാൽ മതിയാകുമെന്നു പരിശോധിച്ചറിഞ്ഞു സ്വയരക്ഷ നേടുക സാദ്ധ്യമല്ല.

എപ്പോഴും സ്വയരക്ഷാവകാശത്തിനുള്ള തെളിവുഭാരം അതാവശ്യപ്പെടുന്ന കക്ഷിക്കാണെന്നു് നമുക്കറിയാം. അതു തെളിയിക്കാൻ അയാൾ സന്നദ്ധനായിരിക്കണം. അപകടം വരുമ്പോൾ നിയമപരിധി സപ്ലന്ത്രാസ്സിൽ തൂക്കുകസാദ്ധ്യമല്ലാ—അതിനെ അതിലംഘിക്കുന്ന ഒരു വ്യവസ്ഥയാണു് ഇപ്പോൾ ഈ ഉപവകുപ്പിൽ ചേർത്തിരിക്കുന്നതു്. അതുകൊണ്ടു് ആ ഉപവകുപ്പു് അവിടെ ചേർക്കേണ്ട ആവശ്യമില്ലെന്നാണു് എനിക്കിവിടെ നിർദ്ദേശിക്കുവാനുള്ളതു്. സ്വയരക്ഷാവകാശംമാത്രം കൊടുത്താൽ മതിയെന്നാണു് എനിക്കു അതിനെപ്പറ്റി പറയാനുള്ള നിർദ്ദേശം.

അതുപോലെതന്നെ മൃഗവസ്തുക്കളുടെ സംരക്ഷണത്തെ സംബന്ധിച്ചു് ബഹു: ചില മെമ്പറന്മാർ ഏതാനും നിർദ്ദേശങ്ങളും നൽകുകയുണ്ടായി. അതിലേക്കു് ആവശ്യമായ വ്യവസ്ഥകളും ഇതിൽ തന്നെ ചേർക്കുന്നതാണു് നല്ലതെന്നും അതിലേക്കു് ഒരുപവകുപ്പു്, ഇതിൽ കൂടുതൽ ചെയ്യുകയാണു നല്ലതെന്നുമാണു് അതേ സംബന്ധിച്ചു് എനിക്കു പറയാനുള്ളതു്.

ഇനി ഭവനഭേദകുറ്റത്തിനെ സംബന്ധിച്ചാണെങ്കിൽ അതിന്റെ അവസാനഭാഗത്തെ സംബന്ധിച്ചു് അല്പം സംസാരിക്കാനുണ്ടു്. അതായതു് ഫസ്റ്റ്-നശേഷം വളരെ വർഷങ്ങൾ കഴിഞ്ഞു. വർഷക്രമമനുസരിച്ചു് ഗവണ്മെന്റു് പ്രൈവറ്റു് പ്രാപ്പട്ടിയിൽ നിൽക്കുന്ന തേക്കു മുതലായ തടികൾ ജനങ്ങളുടെ വകയാക്കികൊടുക്കുന്നതിനുള്ള ഒരു നയം ഭാഗികമായി സ്വീകരിച്ചിരുന്നു. എന്നാൽ അതിനുശേഷം പത്തോ പതിനഞ്ചോ വർഷങ്ങൾ ആയിട്ടു ഇനിയും ആ അവകാശം ഗവണ്മെന്റിന്റെ കൈവശം വെച്ചുകൊണ്ടിരിക്കണമെന്നു പറയുന്നതു് ശരിയല്ല.

മിസ്റ്റർ സ്പീക്കർ : അതു സംബന്ധിച്ചു മൻപു് പ്രസ്താവിച്ചുകഴിഞ്ഞു.

ശ്രീ. എ. കെ. പാച്ചുപിള്ള : അതു ശരിയില്ലായെന്നുള്ള ഒരു നിർദ്ദേശം മാത്രമേ അതിനെപ്പറ്റി പറയുവാനുള്ളൂ.

ഇനി മഹസ്സർ തയാറാക്കുന്നതിനെ സംബന്ധിച്ചുള്ളതാണു്. തടികൾ വെട്ടി മാറ്റുന്നതിനുമൻപു് ഫാറസ്റ്റ് അധികാരികളും റവന്യു അധികാരികളും കൂടി ആയിരിക്കണം മഹസ്സർ തയാറാക്കേണ്ടതു് എന്നും അതിനുമേൽ വേണം തടി വെട്ടിമാറ്റാൻ എന്നുമാണു് ഇതിൽ നിർദ്ദേശിച്ചിരിക്കുന്നതു്. ഗവണ്മെന്റിൽ ഇതു സംബന്ധിച്ചു് ഹർജി കൊടുക്കുന്നപക്ഷം അതിനെപ്പറ്റി വിചലമായ അന്വേഷണം നടത്താതെ അതിനു് ഗവണ്മെന്റു് നിശ്ചയിച്ചിട്ടുള്ള കൂടിവില, താരിപ്പുവില, ഇവ നിശ്ചയിക്കുന്നതിനും അവകാശികൾക്കു് കൊടുക്കുന്നതിനും കോടതിയുടെ യുക്തത്തിനു വിട്ടുകൊടുക്കുന്നതാണു് നല്ലതെന്നാണു്. അതായതു് കക്ഷികൾ അവരുടെ അവകാശം കോടതിയെ സമീപിച്ചു് അവകാശങ്ങളെ സംബന്ധിച്ചും മറ്റും തീരുമാനിക്കുന്നതാണു് നല്ലതു്. അതിലേക്കു് ഗവണ്മെന്റിൽനിന്നോ ഡിപ്പാർട്ടുമെന്റിൽനിന്നോ അന്വേഷണം നടത്തേണ്ട ആവശ്യമില്ല. അവർ തടിമുറിച്ചെടുത്തതിനുശേഷം മഹസ്സർ എഴുതി ആ പ

LIBRARY ARCHIVES Kerala Legislative Assembly

ണം കൊണ്ടുപോയി കെട്ടിവെച്ചു കൊടുക്കുക എന്നുവയ്ക്കുകയാണെങ്കിൽ അതുകൊണ്ടു് യാതൊരു കഴപ്പവും വരാനില്ല. പത്തോ ഇരുപതോ വഷ്മായിട്ടു് ഇനിയും കൂടിവില കിട്ടാതെ അനേകം കേസുകൾ ഉണ്ടു്. അതിന്റെ ഫലമായി ഇപ്പോൾ ഏറ്റവും വലിയ സ്റ്റാൻഡിൽതന്നെ തുയിത്തീന്നിരിക്കുന്നു. അതുകൊണ്ടു് ഈ സംഗതിയെ സംബന്ധിച്ചു പറയുന്നതാണു്. ഗവണ്മെൻറതന്നെ തടി മുറിച്ചു് പണം കൊടുക്കുവാൻ പോകുകയാണെങ്കിൽ അതു തലമുറക്കാലങ്ങളായി ദീർഘിച്ചു പോകുന്നതിനെ സാധിക്കയുള്ളൂ. ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യങ്ങളിൽ അകന്നനിന്നു പ്രവത്തിക്കേണ്ടതാണു്. അതിലേക്കു് ഈ നിയമത്തിൽ ചില മാറ്റങ്ങൾ വരുത്തി ആവക പണം ഒരു ട്രഷറിയിൽ ഏൽപ്പിക്കണമെന്നും ഡിപ്പാർട്ട്മെൻറുദ്യോഗസ്ഥന്മാർ ഇതിൽഇടപെടാതെ മാറണമെന്നുള്ളതാണു് എനിക്കുള്ള അഭിപ്രായം. അതിനുവേണ്ടതായ വകുപ്പുകൂടി ഇതിൽ എഴുതിച്ചേർക്കണമെന്നുള്ളതാണു് എന്റെ നിർദ്ദേശം.

അടുത്തതായി 18 ാം വകുപ്പനുസരിച്ചു് ഫോറസ്റ്റുദ്യോഗസ്ഥന്മാർ കച്ചവടത്തിൽ ഏർപ്പെടുക കൺട്രാക്ടിൽ താൽപ്പര്യം പ്രകടിപ്പിക്കുക ഇവയെ നിരോധിച്ചിരിക്കുന്നു. അതു കുറച്ചുകൂടി വിപുലപ്പെടുത്തണമെന്നാണെനിക്കു പറയാനുള്ളതു്. അതായതു് ഇന്നു് ഫോറസ്റ്റു് ഡിപ്പാർട്ട്മെൻറിലെ ഉദ്യോഗസ്ഥന്മാർ കൺട്രാക്ടറന്മാരുമായി പല ഏർപ്പാടുകളും രഹസ്യമായി നടത്തി പല പ്രവത്തനങ്ങളിലും ഏർപ്പെട്ടു് ഈ സംസ്ഥാനത്തിനു പുറത്തും അകത്തും തടികളും മറ്റു സാധനങ്ങളും വ്യാപാരം നടത്തുന്നതിനുള്ള പ്രവത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഫോറസ്റ്റു് ഉദ്യോഗസ്ഥന്മാർ വനങ്ങളിലുള്ള തടികൾ മുറിച്ചു കൺട്രാക്ടറന്മാർ മുഖാന്തിരം വെളിയിൽ കടത്തി അമിതമായ ആദായം ഉണ്ടാക്കുന്നു. അതുമൂലം ഗവണ്മെൻറിനു ഭീമമായ നഷ്ടം നേരിട്ടുകൊണ്ടിരിക്കുന്നു. അതിനെ ഇല്ലായ്മ ചെയ്യുന്നതിനായി ഗവണ്മെൻറിൽ നിന്നും ആവശ്യമായ രക്ഷാവ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ടു്. അതിൽ എനിക്കു തരുവാനുള്ള നിർദ്ദേശം മനുഷ്യരുടെ കള്ളങ്ങളും കുറങ്ങളും കണ്ടുപിടിക്കാൻ പോലീസുഡിപ്പാർട്ടുമെൻറിൽനിന്നും സി. ഐ. ഡി.യെ വച്ചിട്ടുള്ളതുപോലെ ഈ ഡിപ്പാർട്ട്മെൻറിലെ അഴിമതികളും കൈക്കൂലി മുതലായ കുറങ്ങളും കണ്ടുപിടിക്കുവാൻ ഗവണ്മെൻറിൽനിന്നും ഒരു പ്രത്യേക സ്റ്റാഫിനെത്തന്നെ സൃഷ്ടിച്ചു് അപ്പോഴപ്പോൾ ആവശ്യമായ വിവരങ്ങൾ ഗവണ്മെൻറിനു നൽകുന്നതിലേക്കു ഒരു പ്രത്യേക വകുപ്പുതന്നെ ഉണ്ടാക്കണമെന്നാണു്. അവരെക്കൊണ്ടു പ്രവത്തനം നടത്തുന്നപക്ഷം ഗവണ്മെറിനു അനേകലക്ഷം രൂപാ നഷ്ടപ്പെടാതെ കഴിക്കാൻ സാധിക്കുമെന്നുള്ളതാണു് അതേ സംബന്ധിച്ചു എനിക്കു പറയുവാനുള്ളതു്. പീരുമേടു്, ദേവികുളം, കുമിളി, മുതലായസ്ഥലങ്ങൾ ഫ്രാങ്ങിയറിനോടു വളരെ അടുത്താണു കിടക്കുന്നതു്. അപ്പോൾ ഫോറസ്റ്റു് ഉദ്യോഗസ്ഥന്മാർ കൺട്രാക്ടറന്മാരുമായി രഹസ്യബന്ധങ്ങളിൽ ഏർപ്പെട്ട അവിടെയുള്ള വനങ്ങളിൽനിന്നും തടികളുംമറ്റു വനവിഭവങ്ങളും വെളിയിൽ അയച്ചു് വ്യാപാരം നടത്തുന്നപക്ഷം ഇവിടത്തെ വനങ്ങളിൽനിന്നും അനേകായിരം കണ്ടി തടി കണക്കിൽ കാണാതെയും കണ്ണിൽപോലും പെടാതെയും മറ്റുരാജ്യങ്ങളിലേക്കു കൊണ്ടുപോകുന്നതിനു സാധിക്കുന്നതാണു്. അതിനെ തടയുന്നതിനു് സാധാരണ നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ ഏർപ്പെടുകയാണെങ്കിൽ സാദ്ധ്യമല്ലാതെവരും. കോട്ടയത്തിരിക്കുന്ന ഒരു ഫോറസ്റ്റാപ്പീസർ ഒരു വഷ്ത്തിൽ ഒരു പ്രാവശ്യമോ മറ്റോ അങ്ങനെയുള്ള സ്ഥലങ്ങൾ സന്ദർശിച്ചുക്കാം. മാത്രമല്ല, ഈ വനപ്രദേശങ്ങളിൽ ചെന്നെത്തുന്നതിനു റോഡുകളോ വഴികളോ പോലുമില്ല. ഇതു സംബന്ധിച്ചു ഗവണ്മെൻറിന്റെ അടുത്തു പല പരാതികളും പേരുവച്ചും വയ്ക്കാ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Patchu Pillai]

തെയും ഇതിനകം അയച്ചിട്ടുണ്ട്. അതു സംബന്ധിച്ചു ചില അന്വേഷണങ്ങളും നടത്തിയിട്ടുണ്ടെന്നും ഞാൻ അറിയുന്നു. ഇപ്രകാര ആക്ഷേപങ്ങളും ഇല്ലാതാക്കുന്നതിനു് ഒരു സ്പെഷ്യൽ സ്റ്റാഫിനെവച്ചു് രഹസ്യമായി കാര്യങ്ങളും അന്വേഷിച്ചു അതു സംബന്ധിച്ചു നഷ്ടംവരാതിരിക്കുന്നതിനു പ്രത്യേകം നിഷ്കർഷ ചെയ്യണമെന്നാണു എനിക്കു പറയാനുള്ളതു്.

ൻ൯–ാം വകുപ്പിനെ സംബന്ധിച്ചു ശ്രീ. പി. എസ്സു്. നടരാജപിള്ള അവർകളും ചില നിർദ്ദേശങ്ങളും നൽകുകയുണ്ടായി. അതോടുകൂടി ഒരു സംഗതികൂടി ചേർക്കാൻ ഞാൻ ആവശ്യപ്പെട്ടുകൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. അതായതു് ഒരു കൊല്ലത്തിലധികം ഗവണ്മെന്റിൽനിന്നും പ്രൈവറ്റു പാർട്ടിക്കു വിട്ടുകൊടുക്കുന്ന സ്ഥലത്തുള്ള തടികളും വെട്ടിമാറ്റിക്കാതിരിക്കുന്നപക്ഷം ആ തടികളും വസ്തു ഉടമസ്ഥന്റെ കൈവശമായിത്തീരും, എന്നുള്ളതിനെ സംബന്ധിച്ചാണു എനിക്കു പറയാനുള്ളതു്. ഒരു ഡിവിഷനൽ ഫാറസ്റ്റാഫീസറോ, അല്ലെങ്കിൽ, അധികാരമുള്ള മറ്റു ഉദ്യോഗസ്ഥന്മാരോ ഈ അപേക്ഷകളും കിട്ടി, ഇത്ര നാളിനകം വെട്ടിമാറ്റുന്നതിനു നടപടി നടത്താൻ സാധിക്കാതെ ഓമ്മക്കുറവുകൊണ്ടോ മറ്റൊ വന്നുപോയാൽ അതു ഗവണ്മെൻറിനു വലിയ നഷ്ടത്തിനിടയാകുന്നതാണു്. തിരുവിതാംകൂർ കൊച്ചി ഗവണ്മെൻറു വകയായി അങ്ങനെയുള്ള തടികളും ധാരാളമുണ്ടു്. ഇതു വളരെ അസാധാരണമായ ഒരു സംഗതിയാണു്. വല്ല കീഴുദ്യോഗസ്ഥനും വസ്തു ഉടമസ്ഥനുംകൂടി യോജിക്കുകയാണെങ്കിൽ ഇങ്ങനെ എത്ര ലക്ഷം രൂപാവിലക്കുള്ള ഗവണ്മെൻറു തടികളും നശിപ്പിക്കുന്നതിനു സാധിക്കും. ആ ഇനത്തിൽ ഒരു വലിയ തുക ഗവണ്മെൻറിനു നഷ്ടപ്പെടുന്നതാണു്. ഈ സംഗതിയെ സംബന്ധിച്ചും വേണ്ട രക്ഷാവ്യവസ്ഥകളും ഈ ബില്ലിൽ ഉൾക്കൊള്ളിച്ചു ഗവണ്മെറിനു നഷ്ടം വരാതിരിക്കത്തക്കവണ്ണം സൂക്ഷിക്കേണ്ടതാണു്. ശ്രീ. പി. എം. വറുഗീസു് അവർകളും പറയുകയുണ്ടായി, കാടുകളും വെട്ടി നാടാക്കണമെന്നു്. അതിനു അദ്ദേഹം നിർദ്ദേശിച്ച മാർഗ്ഗങ്ങളും കാലം മൻപോട്ടു വരുംതോറും ശാസ്ത്രീയമായ പരിഷ്കാരങ്ങളും നമുക്കു കൊണ്ടുവരുവാൻ സാധിക്കുമെന്നും, ഇന്നു നശിച്ചുപോകുന്ന കാടുകളെക്കാളും വളരെ നല്ലതരം വനങ്ങളും ഉണ്ടാകുമെന്നുമാണു്. ആ രീതിയിൽ അദ്ദേഹം പറയുന്നതു നമുക്കു വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. ആ നിലയിൽ നാം പോകുകയാണെങ്കിൽ ഈ രാജ്യത്തിന്റെ ഭാവിയെ മുഴുവൻ നാം സംരക്ഷിക്കുന്ന ഒരു നയമായിരിക്കും നാം സ്വീകരിക്കുന്നതെന്നാണു എനിക്കു പറയുവാനുള്ളതു്. വനങ്ങളും നശിപ്പിച്ചാൽ മഴയുണ്ടാകയില്ലെന്നുള്ളതിനു സമാധാനമായി പറഞ്ഞതു കാലംചെല്ലുന്തോറും ശാസ്ത്രീയമായ പരിഷ്കാരങ്ങളും ഉണ്ടാകാൻ ഇടയുള്ളതുകൊണ്ടു കൃത്രിമമായി മഴപെയ്യിക്കുന്നതിനു് സാധിക്കുമെന്നാണു്. എന്നാൽ എനിക്കു പറയാനുള്ളതു് ഈ ഫാറസ്റ്റു് സംരക്ഷിക്കുകയാണു ഏകപോംവഴിയെന്നു ഇതിനകം വ്യക്തമായിക്കഴിഞ്ഞു. ഇൻഡ്യാഗവണ്മെൻറും മറ്റു അനേകരാജ്യങ്ങളും ഇതു സംബന്ധിച്ചു ഒരു വ്യക്തമായ നയം സ്വീകരിച്ചിട്ടുണ്ടു്. അപ്പോൾ ശ്രീ. പി. എം. വറുഗീസിന്റെ വനത്തെ സംബന്ധിച്ചുള്ള പ്രസ്താവന വെറും വനരോദനം മാത്രമാണെന്നു മാത്രമെ എനിക്കു അവസാനമായി പറയാനുള്ളൂ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഇന്നലെ ഈ ബില്ലു് ഇവിടെ അവതരിപ്പിച്ച അവസരത്തിൽതന്നെ പറയുകയുണ്ടായി ഇതു തിരുവിതാംകൂറിനും കൊച്ചിക്കും സാമാന്യമായ ഒരു നിയമമുണ്ടാക്കണമെന്നുള്ള ഉദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമായി മുന്നിൽവച്ചുകൊണ്ടു് എഴുതി ഉണ്ടാക്കിയിട്ടുള്ള ഒന്നാണെന്നു്. ഇങ്ങനെ സാമാന്യമായ ഒരു നിയമം ഈ രണ്ടുപ്രദേശങ്ങളിലേക്കും ഉടനെ ആവശ്യമായിതീർന്നിട്ടുണ്ടോ എന്നു് ഒന്നുരണ്ടു ബഹു: അംഗങ്ങൾ അവരുടെ പ്രസംഗമദ്ധ്യേ ചോദിക്കുകയുണ്ടായി. ഇങ്ങനെ ഒരു സാമാന്യമായ നിയമമില്ലാത്തതുകൊണ്ടു് ഡിപ്പാർട്ടുമെൻറിന്റെ പലവിധത്തിലുള്ള പ്രവർത്തനങ്ങളിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടു്. അതുകൊണ്ടാണു് ഉടനെതന്നെ ഈ നിയമം ഒന്നാക്കണമെന്നു് തീരുമാനിച്ചതു്. അതുമാത്രവുമല്ല, ഈ രണ്ടുരാജ്യങ്ങളിലും നിലവിലിരിക്കുന്ന നിയമങ്ങൾ ഒന്നായി സംയോജിപ്പിച്ചു് സാമാന്യനിയമങ്ങൾ ഉണ്ടാക്കേണ്ടതു് ആവശ്യവുമാണു്. രണ്ടാമതായി എനിക്കു് പറയാനുള്ളതു് മിക്ക ബഹു: അംഗങ്ങളുടേയും പ്രസംഗങ്ങളിൽ അടങ്ങിയിരുന്ന ചില സാമാന്യതത്വങ്ങളെ സംബന്ധിച്ചു വിമർശനങ്ങളെപ്പറ്റിയാണു്.

മിസ്റ്റർ സ്പീക്കർ: ആർഡർ, ആർഡർ, മണിനാലര ആയതിനാൽ ഇനിയും ഒന്നു അനുസരിച്ചുള്ള ചർച്ച ആരംഭിക്കുന്നതാണു്.

DISCUSSION UNDER RULE 26

Sri. K. A. Mathew: This is my notice. "To raise discussion on a matter of public importance which arose out of the answer to Starred Question No. 20 of the 24th October 1950 regarding Central Depot Officer, (Agriculture), Alwaye."

സർ, രണ്ടു ദിവസംമുമ്പു് ആലുവാ സെൻട്രൽ ഡിപ്പോ ആഫീസറെ സംബന്ധിച്ചു് ഞാൻ അയച്ചിരുന്നതായ ഒരു ചോദ്യത്തിനു് നൽകിയ മറുപടി വളരെ അവ്യക്തവും അപൂർണ്ണവും ആയതുകൊണ്ടാണു് ആ വിഷയത്തെപ്പറ്റി ഇങ്ങനെ ഒരു മോഷൻ അയക്കാൻ ഇടയായിട്ടുള്ളതു്. ഈ സംസ്ഥാനത്തു കരിഞ്ചന്ത അവസാനിപ്പിക്കുന്നതിനു് അടുത്തകാലത്തു ഗവൺമെൻറിൽനിന്നും കർശനമായ നടപടികൾ എടുത്തുവരുന്നുണ്ടു്. വ്യാപാരികളുടേയും മറ്റു പ്രൈവറ്റു പാർട്ടികളുടേയും ഇടക്കുള്ള കരിഞ്ചന്ത അവസാനിപ്പിക്കുന്നതിനു് ഗവൺമെൻറു പ്രത്യേകിച്ചു കർശനമായ നടപടികൾ എടുത്തുവരുന്നുണ്ടു്. എന്നാൽ ഗവൺമെൻറിന്റെ തന്നെ ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള കരിഞ്ചന്തയെ നിർമ്മാർജ്ജനം ചെയ്യുന്നതിനു് അത്രതന്നെ കർശനമായ നടപടികൾ എടുക്കാൻ ശ്രദ്ധാപതിപ്പിക്കുന്നില്ലെന്നു് സംശയിക്കേണ്ടിയിരിക്കുന്നു. അതിനു് ഒരു ദൃഷ്ടാന്തമായിട്ടാണു് ഈ ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്ന കാര്യത്തെപ്പറ്റി ഞാൻ ചിലതു പറയണമെന്നു് വിചാരിക്കുന്നതു്.

സർ, കഴിഞ്ഞ മേയ്മാസത്തിൽ ആലുവാ സെൻട്രൽ ഡിപ്പോ ആഫീസർ ഡിപ്പാർട്ടുമെൻറുവക ഏതാനും തുമ്പാകൾ വിൽക്കുകയുണ്ടായി. പൊതുജനങ്ങൾക്കു് വിൽക്കുന്നതിനായിട്ടു് അവിടത്തെ ഡിപ്പോയിൽ സംഭരിച്ചിരുന്ന തുമ്പാകൾ കരിഞ്ചന്തയിൽ വിൽക്കുന്നതിനു് പതിവായി പെർമിറ്റുകൾ കൊടുത്തിരുന്നുവെന്നു് പരക്കെ സംസാരമുണ്ടായിരുന്നു. ആലുവാ ഡിപ്പോ ആഫീസർ ഏതാനും തുമ്പാകൾ കരിഞ്ചന്തയിൽ വിറ്റുവെന്നു് അറിഞ്ഞതിന്റെ ഫലമായി ആലുവാ അഗ്രികൾച്ചറൽ സ്പെഷ്യലാഫീസർ അതേപ്പറ്റി അന്വേഷണം നടത്തിയതായും അന്വേഷണത്തിൽ കാര്യം പരമാർത്ഥമാണെന്നു് ബോദ്ധ്യപ്പെട്ടിട്ടുള്ളതായും അറിയുന്നു. ആ വിവരം സ്പെഷ്യലാഫീസർ ഡിപ്പാർട്ടുമെൻറു മേധാവികൾക്കു് റിപ്പോർട്ടു ചെയ്തിരുന്നതായും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. ഉടനെതന്നെ ഈ സംഗതിയെപ്പറ്റി കൂടുതൽ അന്വേഷണങ്ങൾ നടത്തുന്നതിനായിട്ടു് വേണ്ട നടപടികൾ കൈക്കൊള്ളണമെന്നു് ഡിപ്പാർട്ടുമെൻറധികാരികളെ സ്പെഷ്യലാഫീസർ അറിയിച്ചിട്ടും വേണ്ട നടപടികൾ എടുത്തിട്ടി

LIBRARY ARCHIVES Kerala Legislative Assembly